**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5802** **25-03-2025 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ് ഇൻസ്ട്രക്ടർക്ക് റേഷ്യോ പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ് ഇൻസ്ട്രക്ടർ ആയി സേവനം അനുഷ്ഠിക്കുന്നവർക്ക് 1985-ലെ നാലാം ശമ്പള കമ്മീഷൻ ശിപാർശ പ്രകാരം നൽകിത്തുടങ്ങിയ റേഷ്യോ പ്രൊമോഷൻ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവ് (GO (P) No.27/2021/Fin dated 10/02/2021) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് നിലവിൽ റേഷ്യോ പ്രമോഷൻ നൽകുന്നില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവ് (GO (P) No.27/2021/Fin dated 10/02/2021) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടില്ല. |
| (സി) | ഈ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ ഏറ്റവും അവസാനമായി നൽകിയത് എന്നാണ് എന്നറിയിക്കാമോ; | (സി) | ഏഴാം ശമ്പള പരിഷ്കരണ ഉത്തരവ് (GO (P) 3000/1998/Fin dated 25/11/1998) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയ്ക്ക് 1:1:3 എന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ജീവനക്കാരുടെ റേഷ്യോ പ്രമോഷൻ സംബന്ധിച്ച് പതിനൊന്നാം ശമ്പള കമ്മീഷൻ അനോമലി കമ്മിറ്റി ധനവകുപ്പിൽ HEDN-L1/84/2024 നമ്പർ പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ; | (ഡി) | 22/8/2024 ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് സഹിതം HEDN-L1/84/2024 നമ്പരായുള്ള ഫയൽ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നു. |
| (ഇ) | പ്രസ്തുത റിപ്പോർട്ടിന്മേൽ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ; | (ഇ) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട E-2706779 നമ്പറായുള്ള ഫയൽ പരിശോധനയിലാണ്. |
| (എഫ്) | ഈ ജീവനക്കാർക്ക് 1985 മുതൽ നൽകിവന്നിരുന്ന റേഷ്യോ പ്രമോഷൻ ഇനിയെന്നാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (എഫ്) | E-2706779 നമ്പറായുള്ള ഫയലിലെ തീരുമാനത്തിനനുസൃതമായി ടി വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ